## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം:- ആ.വ. – 31.12.2015 വരെ പി. ജി. യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഇഎൻറ്റി വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരുടെ പട്ടികയിൽ **ഡോ.നീതുചന്ദ്ര** നെ "1 B" ആയി ഉൾപ്പെടുത്തിയും നിലവിൽ 1 ബി, 1 സി സ്ഥാനങ്ങളിലുള്ള ഡോക്ടർമാരുടെ സ്ഥാനം 1 സി, 1 ഡി എന്നിങ്ങനെ പുന: ക്രമീകരിച്ചുകൊണ്ടും പ്രസിദ്ധീകരിച്ച നോട്ടീസ് അന്തിമ ഉത്തരവാക്കുന്നത് - സംബന്ധിച്ച്-

പരാമർശം :- 1. ജി.ഒ (പി) നം. 69/2010/H & FWD, തീയതി. 17.02.2010
2. ഉത്തരവ് നം.3134/16/ ആവഡ തീയതി 20.06.2016 &21.06.2016
3. ഡോ.നീതു ചന്ദ്രൻ സമർപ്പിച്ച അപേക്ഷ തീയതി 02.03.2022
4. ഇതേ നമ്പർ നോട്ടീസ് തീയതി 22.04.2022

## ഉത്തരവ് നം. ഇ.എസ്7- 20523/2017(2)/ആ.വ.ഡ/തീയതി : 17/06/2022

ആരോഗ്യ വകുപ്പിൽ 31.12.2015 വരെ പി. ജി. യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഇഎൻറ്റി വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്ന **ഡോ.നീതുചന്ദ്ര** നെ പ്രൊബേഷൻ പൂർത്തീകരിച്ചതിന്റെ ലിസ്റ്റിൽ ( ലിസ്റ്റ്- I) **"1 B" ആയി സ്ഥാനം** നൽകിക്കൊണ്ടും 1 B, 1 C സ്ഥാനങ്ങളിലുള്ള ഡോക്ടർമാരുടെ സ്ഥാനം 1 C, 1 Dഎന്നിങ്ങനെ പുന: ക്രമീകരിക്കുവാനും താൽക്കാലികമായി തീരുമാനിച്ച കൊണ്ട് പരാമർശം (4) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

ആയതിന്മേൽ നാളിതുവരെ യാതൊരു ആക്ഷേപവും ലഭ്യമായിട്ടില്ല. ആയതിനാൽ പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച നോട്ടീസ് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ജനന തീയതി | സർവ്വീസിൽ പ്രവേശിച്ച തീയതി | പി. ജി നേടിയ തീയതി | സീനിയോറിറ്റി നം. പഴയത് | സീനിയോറിറ്റി നം. പുതിയത് | സ്ഥാനക്രമം |
|---|---|---|---|---|---|---|---|
| 1 | ഡോ.നീതു ചന്ദ്രൻ | 23/05/1986 | 20/12/2014 | May 2014 | ലിസ്റ്റ് – II **'10'** | ലിസ്റ്റ് – I **'1 B'** | **ഡോ. പ്രിയ.കെ.വി (റാങ്ക്. 1A) ക്കും ഡോ. സോന അശോകൻ(റാങ്ക്നം.1 C) ക്കും മദ്ധ്യേ)** |
| 2 | ഡോ.സോന അശോകൻ | 17/07/1984 | 01.02.2015 | November 2014 | ലിസ്റ്റ് – I **'1 B'** | ലിസ്റ്റ് –I **'1C'** | **ഡോ.ഉമ്മൻ തോമസ്(റാങ്ക് നം.1 D) ന് മുകളിലായി** |
| 3 | ഡോ.ഉമ്മൻ തോമസ് | 29/10/1986 | 09/06/2015 | April 2015 | ലിസ്റ്റ് –I **'1C'** | ലിസ്റ്റ് –I **'1 D'** | **ഡോ.ജീജ.എം.പി( റാങ്ക് നം.2 )ക്ക് മുകളിലായി** |

മേൽ ഭേദഗതികളോടെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.

ഒപ്പ്/-

ഡോ. പ്രീത.പി.പി

ആരോഗ്യവകുപ്പ് ഡയറക്ടർ (i/c)

സ്വീകർത്താവ്

വ്യക്തിക്ക് (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക്(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക്(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
3. സീനിയർ സൂപ്രണ്ട്, ഇ. എ. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്